Mathrubhumi 25-11-18, P-15

# അബ്ദുൽകലാമിന്റെ പേരിൽ പുതിയ ചെടി



യുജിനിയ കലാമി

▶ മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാമിൻെറ പേരിൽ പുതിയൊരു ചെടി. വയനാട്ടിലെ പേരിയ വനത്തിലാണ് യുജിനിയ കലാമി എന്ന് പേരിട്ടിരിക്കുന്ന കുറ്റിച്ചെടി കണ്ടെത്തിയത്. പാലോട് ജവാഹർലാൽ നെഹ്രു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ എസ്.എം. ഷെരീഫിൻെറ നേതൃത്വത്തിലുള്ള സംഘമാണ് ഇതിനു പിന്നിൽ.

'പ്ലാൻറ് സയൻസ് ടുഡേ' എന്ന ജേണലിൻെറ പുതിയ ലക്കത്തിലാണ് ഈ ചെടിയെ കുറിച്ചുള്ള ലേഖനം പ്രസിദ്ധീകരിച്ചത്. ഒരു മീറ്റർ ഉയരംവെക്കുന്ന കുറ്റിച്ചെടിക്ക് ചെറിയ വെള്ളപൂക്കളും ചുവന്നു തുടുത്ത ഭക്ഷ്യയോഗ്യമായ പഴങ്ങളും ഉണ്ട്. ഈ ജനുസ്സിൽപ്പെട്ട ഏകദേശം 22 ഇനം ചെടികളാണ് ഇതുവരെ പശ്ചിമഘട്ടത്തിൽ കണ്ടെത്തിയിട്ടുള്ളത്. സന്തോഷ് കുമാർ, ഡോ. ഷാജു, ഡോ. പ്രകാശ്കുമാർ എന്നിവരാണ് സംഘത്തിലുള്ള മറ്റുള്ളവർ.